പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 599** — **29.11.2018 - ൽ മറുപടിക്ക്.**

**നിലമ്പൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള സ്ഥലങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. വി. അൻവർ | **ശ്രീ. ഇ. പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).** |
| (എ) നിലമ്പൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ വ്യവസായ വകുപ്പിന് സ്വന്തമായി സ്ഥലമുണ്ട് ; വില്ലേജ് തിരിച്ച് കണക്ക് വിശദമാക്കാമോ ; | (എ) : നിലമ്പൂർ നിയോജക മണ്ഡലത്തിൽ നിലമ്പൂർ വില്ലേജിലെ 46/2 സബ് ഡിവിഷനിൽ ഉൾപ്പെട്ട 0.0821 ഹെക്ടർ (20 സെന്റ്) 1962-ൽ വില്ലേജ് വർക്ക്ഷോപ്പ് പദ്ധതി പ്രകാരം വ്യവസായ യൂണിറ്റ് തുടങ്ങുന്നതിന് സ്വകാര്യ സംരംഭകന് നൽകിയിരുന്നു. വർഷങ്ങളായി യൂണിറ്റ് പ്രവർത്തനരഹിതമായതിനാൽ ടി സ്ഥലം ഏറ്റെടുത്ത് നിലമ്പൂർ വില്ലേജ് രേഖയിൽ മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിന് വേണ്ടി മലപ്പുറം ജില്ലാ കളക്ടറുടെ പേരിൽ 09/09/2009-ൽ മാറ്റിയിട്ടുണ്ട്. |
| (ബി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പ്രസ്തുത സ്ഥലങ്ങൾ ഇപ്പോൾ വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുണ്ടോ ; വിശദമാക്കാമോ ? | (ബി) : നിലമ്പൂർ വില്ലേജിലെ 46/2 സബ് ഡിവിഷനിൽ ഉൾപ്പെട്ട 0.0821 ഹെക്ടർ (20 സെന്റ്) സ്ഥലത്ത് കേന്ദ്ര സർക്കാരിന്റെ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ആന്റ് പ്രൊമോഷൻ ഓഫ് ഹാൻഡിക്രാഫ്റ്റ്സ് പദ്ധതിയുടെ ഭാഗമായി വ്യവസായ വകുപ്പ് നിലമ്പൂരിൽ ആരംഭിക്കുവാനുദ്ദേശിക്കുന്ന പോട്ടറി ക്ലസ്റ്ററിനോടനുബന്ധിച്ച് പൊതു സേവന കേന്ദ്രം സ്ഥാപിക്കുന്നതിലേക്കായി ഈ സ്ഥലം പരിഗണിയ്ക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

കെ/22/11